# വിവരവിനിമയ സാങ്കേതിക വിദ്യ

## ക്ലാസ് 10



## ഇന്റർനെറ്റ് പ്രവർത്തിക്കുന്നത്

ഹൗലത്ത്.കെ സി കെ.എച്ച് എസ് എസ് നിലമ്പൂർ

# എന്താണ് ഇന്റർനെറ്റ്

ലോകത്തുള്ള ദശലക്ഷക്കണക്കിനു കമ്പ്യൂട്ടർ നെറ്റ്‌വർക്കുകളെ പരസ്പരം ബന്ധിപ്പിക്കുന്ന മഹാ നെറ്റ്‌വർക്കിനെയും, അവ നൽകുന്ന വിവിധ സൗകര്യങ്ങളെയും പൊതുവായി ഇന്റർനെറ്റ് എന്നു വിളിക്കുന്നു

ഹൗലത്ത്.കെ  സി കെ.എച്ച് എസ് എസ് നിലമ്പൂർ

# ആഗോള നെറ്റ് വർക്ക് കൊണ്ടുള്ള ഗുണങ്ങൾ

- ഫയലുകൾ കൈമാറാൻ സാധിക്കും
- ദൂരെയുള്ളവരുമായി കണ്ട് സംസാരിക്കാം
- ടിക്കറ്റുകൾ ബുക്ക് ചെയ്യുക
- ആവശ്യമുള്ള സാധനങ്ങൾഓർഡർ ചെയ്ത് വാങ്ങുക
- വിവര ശേഖരണം നടത്തുക
- ബാങ്കിങ്ങ് ഇടപാടുകൾ ഓൺലൈൻ വഴി നടത്തുക

ഹൗലത്ത്.കെ സി കെ.എച്ച് എസ് എസ് നിലമ്പൂർ

# സെർവർ കംപ്യൂട്ടറുകൾ

ഒരു കംപ്യൂട്ടർ നെറ്റ്‌വർക്ക് സിസ്റ്റത്തിൽ ആ നെറ്റ്‌വർക്ക് കൊണ്ട് സാധിക്കേണ്ട സേവനങ്ങൾ നിർവ്വഹിച്ച് കൊടുക്കുന്നതിനുള്ള സോഫ്റ്റ് വെയറുകളോ, വിവരങ്ങളോ ശേഖരിച്ചു വെച്ചിരിക്കുന്ന കംപ്യൂട്ടറിനെ സെർവ്വർ കംപ്യൂട്ടർ എന്ന് വിളിക്കുന്നു.





ഹൗലത്ത്.കെ സി കെ.എച്ച് എസ് എസ് നിലമ്പൂർ

# ഐ പി വിലാസം

# (ഇന്റർനെറ്റ് പ്രോട്ടോകോൾ വിലാസം)

ഒരു കംമ്പ്യൂട്ടർ ശൃംഖലയിൽ ഉൾപെട്ടിട്ടുള്ള ഓരോ ഉപകരണത്തേയും തിരിച്ചറിയുന്നതിനും,അവയ്ക്ക് പരസ്പരം ആശയവിനിമയം നടത്തുന്നതിനുമുള്ള, അനന്യമായ ഒരു സംഖ്യയാണ് ഐ പി വിലാസം




ഹൗലത്ത്.കെ സി കെ.എച്ച് എസ് എസ് നിലമ്പൂർ

# വെബ് ഹോസ്റ്റിങ്ങ്

- ഫയലുകൾ അഥവാ വെബ് പേജുകൾ ഇന്റർനെറ്റിലൂടെ ലോകത്തിനുമുന്നിൽ പ്രദർശിപ്പിക്കണമെങ്കിൽ പ്രസ്തുത ഫയലുകൾ 24 മണിക്കൂറും ഇന്റർനെറ്റുമായി കണക്ട് ചെയ്തിരിക്കുന്ന വെബ് സർവ്വറുകൾ എന്ന കമ്പ്യൂട്ടറിലേക്ക് upload ചെയ്യേണ്ടതായുണ്ട്. ഈ പ്രക്രിയയെ പറയുന്ന പേരാണ് വെബ് ഹോസ്റ്റിംഗ്.
- ഒരേ വെബ്സൈറ്റ് തന്നെ പല സർവറുകളിൽനിന്ന് ഹോസ്റ്റ് ചെയ്യാറുണ്ട്.
- ഇവയെല്ലാം വ്യത്യസ്ത ഐപി വിലാസം ഉണ്ടായിരിക്കുകയും ചെയ്യാം.




ഹൗലത്ത്.കെ സി കെ.എച്ച് എസ് എസ് നിലമ്പൂർ

# ഐ പി വിലാസവും ഹോസ്റ്റ് നാമവും

ഐപി വിലാസങ്ങൾ ഓർത്തിരിക്കുന്നത് പ്രായോഗി കമല്ലാത്തതുകൊണ്ട് ഓർത്തിരിക്കാൻ സൗകര്യമുള്ള രീതിയിൽ സൈറ്റിന് നൽകുന്ന പേരാണ് ഹോസ്റ്റ് നാമം

ഉദാഹരണം

- 115.112.203.158 --- mathrubhumi.com
- 66.230.200.100 ... .www.wikipedia.org
- 23.2.16.26 --- manoramaonline.com
- 192.168.1.1. ..... bsnl.in
- 103.252.142.18 ...... irctc.com
- 182.50.130.121 ..... kalamandalam.org

ഹൗലത്ത്.കെ സി കെ.എച്ച് എസ് എസ് നിലമ്പൂർ

# ഇന്റർനെറ്റിലെ വിവര സഞ്ചയം

വ്യക്തികളും, സ്ഥാപനങ്ങളും, വിവിധ വിഷയങ്ങളെ ആസ്പദമാക്കി അനേകം വെബ്സൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ സൈറ്റുകളുടെ വിലാസമുപയോഗിച്ച് അവയെ പറ്റി മനസ്സിലാക്കാനും, വിവരങ്ങൾ ശേഖരിക്കാനും നമുക്ക് കഴിയും



ഹൗലത്ത്.കെ സി കെ.എച്ച് എസ് എസ് നിലമ്പൂർ



# വെബ് പേജുകളും അവയുടെ കൈമാറ്റ വ്യവസ്ഥയും

HTML ഭാഷയിൽ തയ്യാറാക്കിയിരിക്കുന്ന പേജിനേയാണ് വെബ് പേജ് എന്ന് പറയുന്നത്. ആവശ്യമായ വിവരങ്ങൾ ചേർത്ത് തയ്യാറാക്കിയ വെബ്പേജുകളും ,അവയിൽ ഉൾപ്പെടുത്തേണ്ട ചിത്രങ്ങൾ, ശബ്ദം, ആനിമേഷൻ, സോഫ്റ്റ്‌വെയറുകൾ തുടങ്ങിയവയും ചേർത്ത് ഒരു ഫോൾഡറിലാക്കി സൂക്ഷിച്ചിരിക്കുന്ന സർവ്വറിനെയാണ് വെബ്സൈറ്റ് എന്ന് പറയുന്നത്. എല്ലാ നെറ്റ് വർക്കിലും ഈ ഫയലുകൾ കൈമാറ്റം ചെയ്യപ്പെടുന്നതിനാവശ്യമായ വ്യവസ്ഥയാണ് HTTP(HYPERTEXT TRANSFER PROTOCOL) സെർവ്വർ കംമ്പ്യൂട്ടറിലാണ് ഇത് ഇൻസ്റ്റാൾ ചെയ്തിരിക്കുക



# വേൾഡ് വൈഡ് വെബ്

പല സ്ഥലങ്ങളിലായി നിരവധി കംമ്പ്യൂട്ടറുകളിൽ പരസ്പരം ബന്ധപ്പെടുത്തിയിട്ടുള്ള ഹൈപ്പർ ടെക്സ്റ്റ് പ്രമാണങ്ങളുടെ സംവിധാനമാണ് **വേൾഡ് വൈഡ് വെബ്** **HTML** ഫയലുകൾ കൈമാറ്റം ചെയ്യുന്നതിനുള്ള സങ്കേതമായ **HTTP** ഉപയോഗിച്ചാണ് ഇത് പ്രവർത്തിക്കുന്നത്. ഹൈപ്പർലിങ്കുകളും , യു.ആർ.എൽകളും ഉപയോഗിച്ചാണ് വേൾഡ് വൈഡ് വെബിലെ പ്രമാണങ്ങൾ പരസ്പരം ബന്ധപ്പെടുത്തിയിരിക്കുന്നത്.



ഹൗലത്ത്.കെ സി കെ.എച്ച് എസ് എസ് നിലമ്പൂർ

# URL

## Uniform Resource Locator




HTTP ഉപയോഗിച്ച് കൈമാറ്റം ചെയ്യപ്പെടേണ്ട ഒരു വെബ് സൈറ്റിന് പൊതുവേയുള്ള ഹോസ്റ്റ് നാമത്തിന് പുറമേ, അതിനകത്തെ ഓരോ ഫയലിനും പ്രത്യേകം ഉണ്ടായിരിക്കേണ്ട വിലാസമാണ് Uniform Resource Locator



# വിവിധ തരം വെബ് സേവനങ്ങൾ

| മേഖല | വെബ്സൈറ്റ് |
| --- | --- |
| ചലച്ചിത്രങ്ങൾ പങ്കുവയ്ക്കുന്നതിന് | www.youtube.com<br>www.vimeo.com<br>www.creativecommons.org |
| ബ്ലോഗുകൾ തയാറാക്കുന്നതിന് | www.blogger.com<br>www.wordpress.com<br>www.tumblr.com<br>www.weebly.com |
| മലയാള ദിനപത്രങ്ങൾ | http://www.mathrubhumi.com<br>http://www.manoramaonline.com |

| | |
|---|---|
| ഓൺലൈൻ പ്രസിദ്ധീകരണങ്ങൾ | http://www.vayanamuri.com<br>http://www.puzha.com |
| ഗവേഷണപ്രബന്ധങ്ങൾ പ്രസിദ്ധീകരിക്കുന്നതിന് | http://www.oxfordjournals.org/en/ |
| നിഘണ്ടുക്കളും വിജ്ഞാന കോശങ്ങളും | http://olam.in<br>http://www.shabdkosh.com |
| പ്രമുഖ സ്ഥാപനങ്ങളുടെയും കമ്പനികളുടെയും വെബ്സൈറ്റുകൾ | https://india.gov.in<br>http://www.isro.gov.in |
| പ്രമുഖ വ്യക്തികളുടെ വെബ്സൈറ്റുകൾ | http://vmadhusoodanannair.net/<br>http://www.mammootty.com/ |

# ഇന്റർനെറ്റിന്റെ മേൽനോട്ടം

1

Internet Society

ഇന്റർനെറ്റിന്റെ ഘടനയുടേയും, നയങ്ങളുടേയും,ഇതര
പൊതു വിഷയങ്ങളുടേയും മേൽനോട്ടം വഹിക്കുന്ന സമിതി

2

# The Internet Engineering Task Force **IETF**

ഇന്റർനെറ്റിന്റെ സാങ്കേതിക ഘടന, സുരക്ഷിതത്വം, സജ്ജീകരണം പ്രോട്ടോകോൾ നവീകരണം എന്നിവയുടെ മേൽനോട്ടത്തിനായുള്ള സമിതി



3

ICANN

The Internet Corporation for Assigned Names and Numbers

ഡൊമെയ്ൻ നാമകരണ സംവിധാനത്തിനായുള്ള മേൽനോട്ട സമിതി

ഹൗലത്ത്.കെ  സി കെ.എച്ച് എസ് എസ് നിലമ്പൂർ




ആഗോള കംമ്പ്യൂട്ടർ നെറ്റ്‌വർക്ക് ഉപയോഗിച്ച് കത്തുകൾ കൈമാറുന്നതിനുള്ള സാങ്കേതിക സംവിധാനമാണ് ഇ-മെയിൽ

# Email Service Providers

Www.gmail.com
Www,yahoo.com
AOL Mail. ...
Zoho Mail. ...
Mail.com. ...
Yandex Mail. ...
Inbox.com.

# നവ സാമൂഹ്യ മാധ്യമങ്ങൾ

നമ്മുടെ ചുറ്റുപാടുമുള്ള വിവരങ്ങളും, വാർത്തകളും,കൈമാറാനും, ചിത്രങ്ങൾ ,വീഡിയോകൾ പങ്കുവെക്കാനുമായി ഇന്റർനെറ്റിന്റെ വികാസത്തോടെ ഉത്ഭവിച്ച സങ്കേതങ്ങളാണ് നവ സാമൂഹിക മാധ്യമങ്ങൾ



# നവ സാമൂഹ്യ മാധ്യമങ്ങൾ ഉപയോഗിക്കുമ്പോൾ

1. ഒരിക്കൽ പോസ്റ്റു ചെയ്തു പോയ വിവരങ്ങൾ പിന്നീട് തിരിച്ചെടുക്കാനാവില്ല. അനേകം പേർ അത് കാണുകയും ,പ്രചരിപ്പിക്കുകയും ചെയ്തേക്കാം

2. ഭാവി ജീവിതം വിലപ്പെട്ടതായതിനാൽ വ്യക്തി പരമായ വിവരങ്ങൾ സ്വകാര്യമായി തന്നെ സൂക്ഷിക്കുക

3. ഇന്റർനെറ്റ് ദുരുപയോഗപ്പെടുത്തുന്ന ആളുകളെ നിങ്ങളുടെ സുഹൃദ് വലയത്തിൽ നിന്ന് ഒഴിവാക്കുക

ഹൗലത്ത്.കെ സി കെ.എച്ച് എസ് എസ് നിലമ്പൂർ

4. അശ്ലീല സന്ദേശങ്ങളും ഭീഷണികളും നിയമപരമായ കുറ്റകൃത്യങ്ങളായതിനാൽ ഇത്തരം കൂട്ടു കെട്ടിൽ പങ്കാളിയാകരുത്

5. സൈബർ കുറ്റകൃത്യങ്ങൾ മറച്ച് വെക്കാൻ സാധിക്കില്ല. സൈബർ സെല്ലുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന പോലീസ് വകുപ്പിന് അതു കണ്ടുപിടിക്കാൻ എളുപ്പമാണ്

6. സാമൂഹിക മാധ്യമങ്ങളിൽ നിർമ്മിക്കുന്ന പ്രൊഫൈലുകൾ ദുരുപയോഗം ചെയ്യാൻ സാധ്യതയുള്ളത് കൊണ്ട് വേണ്ട മുൻകരുതലുകൾ സ്വീകരിക്കുക.ഇത്തരം കാര്യങ്ങൾ ശ്രദ്ധയിൽ പെട്ടാൽ സൈബർ സെല്ലിന്റെ സഹായം തേടുക

ഹൗലത്ത്.കെ സി കെ.എച്ച് എസ് എസ് നിലമ്പൂർ

# നവ സാമൂഹിക മാധ്യമങ്ങളുടെ സുരക്ഷിത ഉപയോഗത്തിന്

സുരക്ഷാസജ്ജീകരണങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുക
സ്വകാര്യതാ ക്രമീകരണങ്ങൾ  നിർബന്ധമായും പാലിക്കുക

പരിചയമോ, വിശ്വാസമോ ഇല്ലാത്ത ആരേയും സുഹൃത്തായി ചേർക്കാതിരിക്കുക.

ഇന്റർനെറ്റ് ഉപയോഗിക്കുന്നതിന് മുമ്പ് തന്നെ നമ്മുടെ ആവശ്യം കൃത്യമായി തിരുമാനിക്കുകയും, സെർച്ച് ചെയ്യേണ്ട കീവേഡ് ഉറപ്പിക്കുകയും ചെയ്യുക.

നമ്മെ വഞ്ചിക്കുന്നതിനും,ചതിക്കുന്നതിനുമായി ചതിക്കുഴികൾ ഒരുക്കിയ വെബ്സൈറ്റുകൾ തുറക്കാതിരിക്കുക

ഹൗലത്ത്.കെ  സി കെ.എച്ച് എസ് എസ് നിലമ്പൂർ

ബാങ്ക് അകൗണ്ടിലുള്ള പണമിടപാടുകൾ, ബാങ്ക് തയ്യാറാക്കിയ വെബ് സൈറ്റിലൂടെ, പ്രത്യേക യൂസൈർനെയിമും, പാസ് വേഡും ഉപയോഗിച്ച് നിർവ്വഹിക്കുന്നതിനെ ഇ-ബാങ്കിങ്ങ് എന്ന് പറയുന്നു.



# ഇ-ബാങ്കിങ്ങ്  നേട്ടങ്ങൾ




സാധനങ്ങളുടേയും, സേവനങ്ങളുടേയും ബില്ലുകൾ അടയ്ക്കാം

മറ്റൊരു അകൗണ്ടിലേക്ക് പണം മാറ്റാം

അകൗണ്ട് സംബന്ധിച്ച വിവരങ്ങൾ എപ്പോൾ വേണമെങ്കിലും പരിശോധിക്കാം

ഹൗലത്ത്.കെ  സി കെ.എച്ച് എസ് എസ് നിലമ്പൂർ

# ഇ-ഗെവണൻസ്





പൊതു ഭരണ സംബന്ധമായ വിവിധ സേവനങ്ങൾ ഇന്റർനെറ്റ് വഴി ലഭ്യമാക്കുന്നതിനെയാണ് ഇ-ഗവേണൻസ് എന്നു പറയുന്നത്.

സേവനങ്ങൾ

- വിവിധ സർട്ടിഫിക്കറ്റുകൾ
- ബില്ലുകളും നികുതികളും
- പത്താം ക്ലാസ് കഴിഞ്ഞാൽ തുടർപഠനത്തിനുള്ള രജിസ്ട്രേഷനുകൾ
- വസ്തു രജിസ്ട്രേഷൻ
- വാഹന രജിസ്ട്രേഷൻ

# OTP

ഓൺലൈൻ വഴി നടത്തു
ന്ന ഇടപാടുകൾക്കായി
ഏർപ്പെടുത്തിയ സുരക്ഷാ
സംവിധാനം.
ബാങ്കുമായി രജിസ്റ്റർചെയ്ത്
മൊബൈൽ നമ്പറിലേക്ക്
ഓൺലൈൻ ഇടപാടു നടത്തുന്ന
സമയത്ത് ബാങ്ക് അയക്കുന്ന
**ONE TIME PASWORD**




ഹൗലത്ത്.കെ സി കെ.എച്ച് എസ് എസ് നിലമ്പൂർ